**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 293** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര സിവിൽ സപ്ലൈസ് മാവേലി സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 915 മാവേലി സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്. |
| (ബി) | നിലവിലുള്ള മാവേലി സ്റ്റോറുകളെ മാവേലി സൂപ്പർ മാർക്കറ്റ് ആയി ഉയർത്തുന്നത് പരിഗണനയിലുണ്ടോ; | (ബി) | സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻ നിർത്തി വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ കെട്ടിട സൗകര്യം ന്യായമായ വാടക നിരക്കിൽ ലഭ്യമാകുന്നമുറയ്ക്ക് വിശദമായ സാധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ നിലവിലെ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പുതിയ സംരംഭകരെ ഉപയോഗപ്പെടുത്തി മാവേലി സൂപ്പർ മാർക്കറ്റുകൾ ഗ്രാമീണ മാർട്ടുകൾ ആയി നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ